"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.യു.ആർ..ഡി.എഫ്.സി - ഹഡ്കോ സംസ്ഥാന വിഹിതമായി അനുവദിച്ച വായ്പയുടെ 2023-24 വർഷത്തെ നാലാം ഗഡു ത്രൈമാസ മുതൽ തിരിച്ചടവിന് വേണ്ടിയുള്ള തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.348/2024/LSGD തീയതി,തിരുവനന്തപുരം, 12-02-2024

---

പരാമർശം:-

1. സ.ഉ(കൈ) നം.47/2020/തസ്വഭവ തീയതി 17/03/2020
2. സ.ഉ(കൈ) നം.140/2023/തസ്വഭവ തീയതി 17/01/2023
3. കെ.യു.ആർ.ഡി.എഫ്.സി എം.ഡിയുടെ 30/01/2024 ലെ കെ.യു.ആർ.ഡി.എഫ്.സി/എ2/289/2018/VII നമ്പർ കത്ത്
4. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 31/01/2024 ലെ എൽ.എം/1267/ഫിൻ/22 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും സംസ്ഥാന വിഹിതമായി പുന:ക്രമീകരിച്ച വായ്പയുടെ മുതൽ തിരിച്ചടവ് ലൈഫ് മിഷൻ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും നിർവ്വഹിക്കുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാന വിഹിതമായി പുന:ക്രമീകരിച്ച 550 കോടി രൂപയുടെ വായ്പയിൽ 217.22 കോടി രൂപ പരാമർശം (2) പ്രകാരം അർബൻ സെക്ടറിന്റെ നഗരസഭാ വിഹിതമായി മാറ്റിയിരുന്നു. അവശേഷിക്കുന്ന 332.78 കോടി രൂപയുടെ 2023-24 സാമ്പത്തിക വർഷത്തെ നാലാം ഗഡു ത്രൈമാസ തിരിച്ചടവിനായി 4,73,56,667 (നാല്പ കോടി എഴുപത്തിമൂന്നു ലക്ഷത്തി അമ്പത്താറായിരത്തി അറുനൂറ്റി അറുപത്തേഴ് രൂപ മാത്രം) രൂപ ലൈഫ് മിഷൻ ഹെഡ് ഓഫ് അക്കൗണ്ടിൽ (4515-00-102-49 (P)) നിന്നും കെ.യു.ആർ.ഡി.എഫ്.സി യുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയും പരാമർശം (4) പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ ശിപാർശ ചെയ്യുകയുമുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ പദ്ധതിക്കായി

കെ.യു.ആർ.ഡി.എഫ്.സി മുഖാന്തരം ഹഡ്കോയിൽ നിന്നും സംസ്ഥാന വിഹിതമായി പുന:ക്രമീകരിച്ച വായ്പയുടെ 2023-24 സാമ്പത്തിക വർഷത്തെ നാലാം ഗഡു ത്രൈമാസ തിരിച്ചടവിനായി 4,73,56,667 (നാല്പ കോടി എഴുപത്തിമൂന്ന ലക്ഷത്തി അമ്പത്താറായിരത്തി അറുന്നൂറ്റി അറുപത്തേഴ് രൂപ മാത്രം) രൂപ, 4515-00-102-49 (Plan) എന്ന ശീർഷകത്തിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി യുടെ അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നമ്പർ 37920881126(Rural Out), IFS Code- SBIN0070033) അനുവ ദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

ധനകാര്യ ( വനിത ശിശു) വികസന വകുപ്പ് (WCD-3/14/2022-FIN) പ്രകാരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 13-02-2024 10:47:11
സെക്ഷൻ ഓഫീസർ